"ഭരണഭാഷ-മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ധനകാര്യ വകുപ്പ് - കേന്ദ്ര ജലശക്തി മന്ത്രാലയം സംഘടിപ്പിച്ച രണ്ടാമത് നാഷണൽ വാട്ടർ അവാർഡ്സിൽ ലഭിച്ച സമ്മാന തുക ലഭ്യമാക്കുന്നതിനായി സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ വികാസ് ഭവൻ ശാഖയിൽ ഭൂവിനിയോഗ ബോർഡ് കമ്മീഷണറുടെ പേരിൽ ഒരു താത്കാലിക ബാങ്ക് അക്കൗണ്ട് തുറക്കുന്നതിനുള്ള അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ധനകാര്യ (സ്ട്രീംലൈനിംഗ്) വകുപ്പ്**

**സ.ഉ.(സാധാ)നം. 1633/2021/ധന** **തീയതി, തിരുവനന്തപുരം, 20.02.2021**

---

പരാമർശം :- 29.11.2020 ലെ ഭൂവിനിയോഗ കമ്മീഷണറുടെ എൽ.യു.ബി/429/2020-ഇ നമ്പർ കത്ത്.

**ഉത്തരവ്**

കേന്ദ്ര ജലശക്തി മന്ത്രാലയം സംഘടിപ്പിച്ച 2nd National Water Awards ൽ Best Education/ Mass Awareness Efforts വിഭാഗത്തിൽ ഭൂവിനിയോഗ ബോർഡിന് ദേശീയതലത്തിൽ മൂന്നാം സ്ഥാനം ലഭിച്ചതിന്റെ സമ്മാന തുക ലഭ്യമാക്കുന്നതിനായി സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ വികാസ് ഭവൻ ശാഖയിൽ ഭൂവിനിയോഗ കമ്മീഷണറുടെ പേരിൽ മൂന്നുമാസം കാലയളവിലേക്ക് താത്കാലികമായി അക്കൗണ്ട് ആരംഭിക്കുന്നതിനുള്ള അനുമതി നല്കണമെന്ന് പരാമർശ കത്ത് പ്രകാരം അപേക്ഷിച്ചിരിക്കുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, കേന്ദ്ര ജലശക്തി മന്ത്രാലയം സംഘടിപ്പിച്ച 2nd National Water Awards ൽ Best Education/ Mass Awareness Efforts വിഭാഗത്തിൽ ഭൂവിനിയോഗ ബോർഡിന് ദേശീയതലത്തിൽ മൂന്നാം സ്ഥാനം ലഭിച്ചതിന്റെ സമ്മാന തുക ലഭ്യമാക്കുന്നതിനായി സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ വികാസ് ഭവൻ ശാഖയിൽ ഭൂവിനിയോഗ കമ്മീഷണറുടെ പേരിൽ 2021 മെയ് 31 നോ അതിനു മുൻപോ ക്ലോസ് ചെയ്യണമെന്ന വ്യവസ്ഥയിൽ ഒരു താത്കാലിക ബാങ്ക് അക്കൗണ്ട് തുടങ്ങുന്നതിനുള്ള അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**സുരേഷ് കുമാർ.ഒ.ബി**

**ഡെപ്യൂട്ടി സെക്രട്ടറി (ധനകാര്യം)**

പകർപ്പ്:-

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ.&ഇ) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് II) കേരള, തിരുവനന്തപുരം.
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.
ഭൂവിനിയോഗ കമ്മീഷണർ, കേരള സംസ്ഥാന ഭൂവിനിയോഗ ബോർഡ്, വികാസ് ഭവൻ, തിരുവനന്തപുരം-33
ആസൂത്രണ സാമ്പത്തിക കാര്യ (ബി) വകുപ്പ് (UO (F) No. PLGEA-B1/224/2020-PLEGA- Computer No. 1637031 പ്രകാരം)
ധനകാര്യ (വ്യയം ബി) വകുപ്പ്
നോഡൽ ഓഫീസർ, www.finance.kerala.gov.in
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി (E File No. 1647478)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ